## പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2020 ഫെബ്രുവരി 3, തിങ്കൾ

**നമ്പർ 204**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാല് ചോദ്യങ്ങൾ സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

ചരമോപചാരം :

മുൻ കേരള ഗവർണർ ടി. എൻ. ചതുർവേദി, മുൻമന്ത്രി എം.കമലം, മുൻ നിയമസഭാംഗങ്ങളായ പി. ടി. മോഹനകൃഷ്ണൻ, എസ്.സുന്ദരമാണിക്യം, വി. ബാലറാം എന്നിവരുടെ നിര്യാണം സംബന്ധിച്ച് സ്പീക്കർ റഫറൻസ് നടത്തി. പരേതരോടുള്ള ആദരസൂചകമായി അംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.

ചെയർമാൻമാരുടെ പാനൽ :

നടപ്പുസമ്മേളനത്തിലെ ചെയർമാൻമാരുടെ പാനലിലേക്ക് താഴെപ്പറയുന്ന അംഗങ്ങളെ നാമനിർദ്ദേശം ചെയ്തു.

1. ശ്രീ. പി. കെ. ബഷീർ
2. ശ്രീ. ജി. എസ്. ജയലാൽ
3. ശ്രീ. എസ്. രാജേന്ദ്രൻ

അടിയന്തരപ്രമേയം :

തിരുവനന്തപുരം കാട്ടാക്കടയിൽ സ്വന്തം ഭൂമിയിലെ മണ്ണെടുപ്പ് തടഞ്ഞ സംഗീത് എന്നയാളെ മണൽ മാഫിയ കൊലപ്പെടുത്തിയ സംഭവംമൂലവും ഈ വിഷയത്തിൽ പോലീസിന്റെ ഭാഗത്ത് നിന്നുണ്ടായതായി പറയപ്പെടുന്ന അനാസ്ഥമൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതര സാഹചര്യം സഭാനടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്ന്

ആവശ്യപ്പെട്ട് ശ്രീ. എം. വിൻസെന്റും മറ്റ് മൂന്ന് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

<u>ശ്രദ്ധ ക്ഷണിക്കൽ</u> :

(1) സംസ്ഥാനത്തിന്റെ വികസനപുരോഗതി മന്ദീഭവിപ്പിക്കുന്ന നയങ്ങൾ തിരുത്തുന്നതിനും അർഹമായ ധനവിഹിതങ്ങൾ ലഭിക്കുന്നതിനും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. കെ. സുരേഷ് കുറുപ്പ് ധനകാര്യവും കയറും വകുപ്പ് മന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) ബ്രഹ്മപുരം മാലിന്യപ്ലാന്റ് അടിയന്തരമായി പ്രവർത്തനക്ഷമമാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. പി. ടി. തോമസ് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ</u> :

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| ക്രമ നം. | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | സംസ്ഥാനത്തെ കൊറോണ വൈറസ് ബാധ | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി |
| 2 | ശ്രീ. എം. രാജഗോപാലൻ | പ്രണയം നിരസിക്കുന്ന പെൺകുട്ടികൾ കൊലചെയ്യപ്പെടുന്ന സംഭവങ്ങൾ | മുഖ്യമന്ത്രി |
| 3 | ശ്രീ. പി. സി. ജോർജ് | മാധ്യമപ്രവർത്തകരുടെ ആനുകൂല്യങ്ങൾ പരിഷ്കരിക്കുന്നത് | മുഖ്യമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | ശ്രീ. വി. കെ. പ്രശാന്ത് | അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് എന്ന സംഘടനയുടെ അംഗീകാരം | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീ. എ. എൻ. ഷംസീർ | ഒളവിലം - പാത്തിക്കൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. ജോൺ ഫെർണാണ്ടസ് | പശ്ചിമ കൊച്ചി മേഖലയിലെ ഓപ്പറേഷൻ പ്യുവർ വാട്ടർ പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 7 | ശ്രീ. എസ്. രാജേന്ദ്രൻ | ആധാരമെഴുത്തുകാരുടെ ജോലി സംരക്ഷണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 8 | ശ്രീ. കെ. എൻ. എ. ഖാദർ | വേങ്ങര ടൗണിലെ മേൽപ്പാലം നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 9 | ശ്രീ. മോൻസ് ജോസഫ് | ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ സേവന വേതന വ്യവസ്ഥകൾ | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |

അതാത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>മേശപ്പുറത്തുവച്ച കടലാസുകൾ</u> :

താഴെപ്പറയുന്ന ഓർഡിനൻസുകൾ മേശപ്പുറത്ത് വച്ചു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | |
|---|---|---|---|
| | വർഷം | നമ്പർ | പേര് |
| 1 | 2 | 3 | 4 |
| 1 | 2020 | 1 | 2020-ലെ ദി കേരള ക്രിസ്ത്യൻ സെമിറ്ററീസ് (റൈറ്റ് ടു ബറിയൽ ഓഫ് കോർപ്സ്) ഓർഡിനൻസ് |

| 1 | 2 | 3 | 4 |
|---|---|---|---|
| 2 | 2020 | 9 | 2020-ലെ ദി കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നോവേഷൻ ആൻഡ് ടെക്നോളജി ഓർഡിനൻസ് |
| 3 | 2019 | 43 | 2019-ലെ ദി കേരള മിനറൽസ് (വെസ്റ്റിംഗ് ഓഫ് റൈറ്റ്സ്) ഓർഡിനൻസ് |
| 4 | 2020 | 4 | 2020-ലെ ദി കേരള മിനറൽസ് (വെസ്റ്റിംഗ് ഓഫ് റൈറ്റ്സ്) ഓർഡിനൻസ് |
| 5 | 2019 | 42 | 2019-ലെ ദി കേരള സ്റ്റേറ്റ് ഗുഡ്സ് ആന്റ് സർവ്വീസസ് ടാക്സ് (അമെന്റ്മെന്റ്) ഓർഡിനൻസ് |
| 6 | 2020 | 3 | 2020-ലെ ദി കേരള സ്റ്റേറ്റ് ഗുഡ്സ് ആന്റ് സർവ്വീസസ് ടാക്സ് (അമെന്റ്മെന്റ്) ഓർഡിനൻസ് |
| 7 | 2020 | 7 | 2020-ലെ ദി കേരള അഗ്രിക്കൾച്ചറൽ വർക്കേഴ്സ് (അമെന്റ്മെന്റ്) ഓർഡിനൻസ് |
| 8 | 2020 | 8 | 2020-ലെ ദി കേരള ലേബർ വെൽഫയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ് |
| 9 | 2019 | 41 | 2019-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ഓർഡിനൻസ് |
| 10 | 2020 | 5 | 2020-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ഓർഡിനൻസ് |
| 11 | 2020 | 6 | 2020-ലെ ദി കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (അമെന്റ്മെന്റ്) ഓർഡിനൻസ് |
| 12 | 2019 | 40 | 2019-ലെ ദി കേരള എഡ്യൂക്കേഷൻ (അമെന്റ്മെന്റ്) ഓർഡിനൻസ് |
| 13 | 2020 | 2 | 2020-ലെ ദി കേരള എഡ്യൂക്കേഷൻ (അമെന്റ്മെന്റ്) ഓർഡിനൻസ് |

<u>ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന :</u>

സംസ്ഥാനത്ത് കൊറോണ വൈറസ് രോഗബാധ സ്ഥിരീകരിച്ചതിനെത്തുടർന്നുള്ള സാഹചര്യം സംബന്ധിച്ച് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ചട്ടം 300 അനുസരിച്ച് താഴെപ്പറയുന്ന പ്രസ്താവന നടത്തി.

ചൈനയിലെ വുഹാനിൽ നോവൽ കൊറോണ വൈറസ് പടർന്നുപിടിച്ചത് ലോകം ആശങ്കയോടെയാണ് കണ്ടത്. ചൈനയിൽ കാണപ്പെട്ട നോവൽ കൊറോണ വൈറസ് 20-ലധികം രാജ്യങ്ങളിലാണ് അതിവേഗം പടർന്ന് പിടിച്ചത്. ആയിരക്കണക്കിന് പേരെയാണ് നോവൽ കൊറോണ വൈറസ് ബാധിച്ചത്. നിരവധി ജീവനുകളും നഷ്ടപ്പെട്ടു. ഇതുസംബന്ധിച്ച് ലോകാരോഗ്യ സംഘടനയുടെ മുന്നറിയിപ്പ് ലഭിച്ചയുടൻ സംസ്ഥാന സർക്കാർ കരുതൽ നടപടികളും മുന്നൊരുക്കങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ എടുത്തു തുടങ്ങി. തുടർന്ന് യുദ്ധകാലാടിസ്ഥാനത്തിൽ മാർഗ്ഗനിർദ്ദേശങ്ങളും രോഗപ്രതിരോധത്തിനുള്ള രൂപരേഖകളും തയ്യാറാക്കി. കേന്ദ്ര സർക്കാരിന്റെ പകർച്ചവ്യാധി വിഭാഗവുമായി ബന്ധപ്പെട്ട് പ്രതിരോധപ്രവർത്തനങ്ങൾക്കാവശ്യമായ നടപടികൾ സ്വീകരിച്ചു. ചൈനയിൽ നിന്നുള്ള വാർത്ത വന്നുതുടങ്ങിയപ്പോൾ തന്നെ സംസ്ഥാനതല ദ്രുത കർമ്മസേന യോഗം ചേർന്ന് രോഗനിരീക്ഷണം, ലബോറട്ടറി നിരീക്ഷണം, ചികിത്സ മാർഗ്ഗരേഖ, പരിശീലനത്തിനുള്ള മാർഗ്ഗരേഖകൾ, അവബോധ പ്രവർത്തനത്തിനുള്ള മാർഗ്ഗരേഖകൾ എന്നിവ തയ്യാറാക്കി ജില്ലകൾക്ക് നൽകി.

ചൈനയിൽ പോയി തിരിച്ചുവന്നവർ അതത് മെഡിക്കൽ ഓഫീസർമാരുമായി ബന്ധപ്പെടാനും നിർദ്ദേശം നൽകി. എന്തെങ്കിലും രോഗലക്ഷണങ്ങൾ കണ്ടാൽ അവരെ നിരീക്ഷിക്കാനും നിർദ്ദേശം നൽകി. നിരവധി മലയാളികളാണ് ചൈനയിൽ പഠനത്തിനും ജോലിക്കും മറ്റുമായുള്ളത്. അതിനാൽ തന്നെ നോവൽ കൊറോണ വൈറസ് ബാധിച്ച ആരെങ്കിലും ചൈനയിൽ നിന്നുവന്നാൽ അത് ഇവിടെ വ്യാപിക്കാൻ ഉള്ള സാധ്യത കണക്കിലെടുത്തായിരുന്നു ഈ മുന്നൊരുക്കങ്ങൾ. തിരിച്ചുവരുന്ന ആളിന്റേയും അവരുടെ ബന്ധുക്കളുടേയും പൊതുജനങ്ങളുടേയും ജീവൻ രക്ഷിക്കാനുള്ള മുന്നൊരുക്കമാണ് ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ എടുത്തത്. സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ള മാധ്യമങ്ങൾ വഴി വലിയ ബോധവത്കരണ പ്രവർത്തനങ്ങളാണ് നടത്തിയത്.

നിപ വൈറസിനെ അതിജീവിച്ച അനുഭവപാഠവുമായാണ് നോവൽ കൊറോണ വൈറസിനെ നേരിടാൻ ആരോഗ്യ വകുപ്പ് സജ്ജമായത്. ജനുവരി 18 മുതൽ വിവിധ തലങ്ങളിൽ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കിയിരുന്നു. നോവൽ കൊറോണ വൈറസ് ചൈനയിൽ പടരുന്ന പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ചു. കേരളത്തിലെ എയർപോർട്ടുകൾ കേന്ദ്രീകരിച്ച് നിരീക്ഷണം ശക്തമാക്കി. വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കാനാണ് ആലോചിച്ചത്. ചൈനയിൽ പോയി തിരിച്ചുവന്നവർ അതത് ജില്ലാ മെഡിക്കൽ ഓഫീസറുമായി ബന്ധപ്പെടണമെന്ന് നിർദ്ദേശം നൽകി. എന്തെങ്കിലും രോഗലക്ഷണങ്ങൾ കണ്ടാൽ അവരെ പ്രത്യേകമായി നിരീക്ഷിക്കാൻ തീരുമാനിച്ചു. രോഗബാധ പ്രതിരോധിക്കാനുള്ള കർശന നടപടികൾ സ്വീകരിക്കുന്നതിന് ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശവും നൽകി.

ഇന്ത്യയിലെ ആദ്യത്തെ നോവൽ കൊറോണ വൈറസ് ബാധയുണ്ടായത് കേരളത്തിലാണെന്ന് ജനുവരി 30-നാണ് കേന്ദ്ര ആരോഗ്യമന്ത്രാലയം സ്ഥിരീകരിച്ചത്. തൃശ്ശൂർ ജനറൽ ആശുപത്രിയിൽ ഐസൊലേഷൻ വാർഡിൽ ചികിത്സയിൽ കഴിഞ്ഞ ഒരു വിദ്യാർത്ഥിനിക്കാണ് കൊറോണ വൈറസ് രോഗം സ്ഥിരീകരിച്ചത്. ആരോഗ്യ വകുപ്പ് നേരത്തെ തന്നെ മുന്നൊരുക്കങ്ങൾ നടത്തിയിരുന്നതിനാൽ ആദ്യ കേസോടെ തന്നെ രോഗം തിരിച്ചറിയാൻ പറ്റി. ഇതിലൂടെ രോഗം പടരുന്നത് തടയുന്നതിനും ആരംഭത്തിൽ തന്നെ ചികിത്സ തുടങ്ങാനും സാധിച്ചു. വിദ്യാർത്ഥിനിയുടെ ആരോഗ്യ നില തൃപ്തികരമാണ്.

കേരളത്തിലെ രണ്ടാമത്തെ നോവൽ കൊറോണ വൈറസ് ബാധിച്ചതായുള്ള സ്ഥിരീകരണം ഫെബ്രുവരി രണ്ടിനാണ് പൂന വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും വന്നത്. നോവൽ കൊറോണ വൈറസ് ബാധിച്ചതായി സംശയിക്കുന്ന വിദ്യാർത്ഥി ചൈനയിൽ നിന്നും വന്നശേഷം ജനുവരി 24 മുതൽ ആലപ്പുഴയിൽ ഐസൊലേഷൻ ചികിത്സയിലാണ്. വിദ്യാർത്ഥിയുടെ ആരോഗ്യനില തൃപ്തികരമാണ്.

നോവൽ കൊറോണ വൈറസ് പ്രതിരോധം ശക്തിപ്പെടുത്തുന്നതിനായി ആരോഗ്യ വകുപ്പ് മാർഗ്ഗനിർദ്ദേശങ്ങളും ലോകാരോഗ്യ സംഘടന അംഗീകരിച്ച ചികിത്സാ മാനദണ്ഡങ്ങളും പുറത്തിറക്കി. രോഗം സ്ഥിരീകരിക്കുന്നതിന് മുമ്പേതന്നെ സംസ്ഥാന തലത്തിൽ സ്റ്റേറ്റ് കൺട്രോൾ റൂമും ജില്ലാ കൺട്രോൾ റൂമും സജ്ജമാക്കിയിട്ടുണ്ട്. ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ദിവസവും യോഗം കൂടിയാണ് ഓരോ ദിവസത്തേയും പ്രവർത്തനം ഏകോപിപ്പിക്കുന്നത്. പ്രധാന യോഗങ്ങളിൽ ആരോഗ്യ വകുപ്പ് മന്ത്രിയും പങ്കെടുക്കുന്നുണ്ട്. നിരീക്ഷണത്തിലുള്ളവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഓരോ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ കീഴിലാക്കി വിഭജിച്ചാണ് നിരീക്ഷണം ക്രമീകരിച്ചിട്ടുള്ളത്.

ടി.വി., റേഡിയോ, പത്രങ്ങൾ, സോഷ്യൽ മീഡിയ, സിനിമാ തീയേറ്റർ, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലൂടെ പരസ്യം, ലഘു വീഡിയോകൾ എന്നിവ വഴി ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

മെഡിക്കൽ കോളേജുകളിലും ജില്ലയിലെ പ്രധാന ജനറൽ അല്ലെങ്കിൽ ജില്ലാ ആശുപത്രികളിലും കൊറോണ വൈറസ് ഒ.പി.യും ഐസൊലേഷൻ വാർഡുകളും തയ്യാറാക്കി. എല്ലാ ആശുപത്രികളിലും അണുനശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. മാസ്ക്, കൈയുറ, സുരക്ഷാകവചങ്ങൾ തുടങ്ങിയ വ്യക്തിഗത സുരക്ഷാ ഉപകരണങ്ങൾ, മരുന്നുകൾ എന്നിവ ലഭ്യമാക്കാൻ കെ.എം.എസ്.സി.എൽ.-നെ ചുമതലപ്പെടുത്തി. രോഗലക്ഷണങ്ങൾ ഉള്ളവരുടെ രക്ത സാമ്പിളുകൾ പൂനയിലെ ദേശീയ വൈറോളജി ലാബിലേക്ക് അയച്ചു.

എയർപോർട്ടുകൾ, സീ പോർട്ടുകൾ എന്നിവ കേന്ദ്രീകരിച്ച് നിരീക്ഷണം ശക്തമാക്കിയാണ് പ്രാഥമികമായി കൊറോണ വൈറസ് ഉള്ളവരെ കണ്ടെത്തുന്നത്. എയർപോർട്ട്/സീ പോർട്ട് ഹെൽത്ത് ഓഫീസർമാരാണ് ഇവരെ സ്ക്രീൻ ചെയ്യുന്നത്. എന്തെങ്കിലും രോഗ ലക്ഷണങ്ങൾ കണ്ടാൽ അവരെ ഐസൊലേഷൻ വാർഡുകൾ സജ്ജമാക്കിയ ആശുപത്രിയിലേക്ക് അയയ്ക്കുന്നു. രോഗലക്ഷണങ്ങൾ ഇല്ലാത്തവരെ ബോധവത്കരണം നൽകി വീടുകളിൽ തന്നെ നിരീക്ഷിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുന്നു. ഇവരെ 28 ദിവസം വരെ നിരീക്ഷിക്കണം. രോഗലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ ഐസൊലേഷൻ സൗകര്യമേർപ്പെടുത്തിയിട്ടുള്ള ആശുപത്രിയിൽ എത്തേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

ജനുവരി 27-ന് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളവും അനുബന്ധ ആശുപത്രികളും കേന്ദ്ര സംഘം സന്ദർശിച്ച് സംതൃപ്തി അറിയിക്കുകയുണ്ടായി. തിരുവനന്തപുരം വിമാനത്താവളത്തിൽ സർവയലൻസ് സംവിധാനം ആരംഭിക്കുകയും 4 മെഡിക്കൽ ഓഫീസർമാരേയും 6 പാരാമെഡിക്കൽ ജീവനക്കാരേയും ഇതിനായി നിയോഗിക്കുകയുണ്ടായി.

നോവൽ കൊറോണ വൈറസ് സ്ഥിരീകരിച്ചപ്പോൾ തന്നെ ബഹു. മുഖ്യമന്ത്രിയുടെ നിർദ്ദേശങ്ങളനുസരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്തു. പ്രസ് മീറ്റ് വിളിച്ച് ചേർത്ത് തൃശ്ശൂർ ജില്ലയിലെ ഒരു വിദ്യാർത്ഥിക്ക് നോവൽ കൊറോണ വൈറസ് സ്ഥിരീകരിച്ചതായി അറിയിച്ചു. തിരുവനന്തപുരത്ത് അടിയന്തര റാപ്പിഡ് റെസ്പോൺസ് ടീം (ആർ.ആർ.ടി.) യോഗം ആരോഗ്യ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർത്തു. ഈ യോഗത്തിൽ കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാറും പങ്കെടുത്തു. നോവൽ കൊറോണ വൈറസിനെ എങ്ങനെ ഫലപ്രദമായി പ്രതിരോധിക്കാം എന്നതിനെ പറ്റിയാണ് യോഗം പ്രധാനമായും ചർച്ച ചെയ്തത്. കൊറോണ രോഗം ബാധിച്ച വിദ്യാർത്ഥിയുടെ അവസ്ഥ ഗുരുതരമല്ലെങ്കിലും ആ വിദ്യാർത്ഥി യാത്രയിലും മറ്റും ബന്ധപ്പെട്ടിട്ടുള്ളവരുടെ കോണ്ടാക്ട് ലിസ്റ്റ് തയ്യാറാക്കാൻ തീരുമാനിച്ചു. കുട്ടിയുമായി സമ്പർക്കത്തിൽ ഏർപ്പെട്ടിട്ടുള്ളവർക്ക് ഇപ്പോൾ രോഗ ലക്ഷണങ്ങളില്ലെങ്കിലും അവരെ കണ്ടെത്തി നിരീക്ഷണത്തിൽ വയ്ക്കാനും തീരുമാനിച്ചു.

നോവൽ കൊറോണ സ്ഥിരീകരിച്ച അന്നു രാത്രി തന്നെ (ജനുവരി 30 അർദ്ധരാത്രി) തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഉന്നതതലയോഗം വിളിച്ചു ചേർത്തു. ആരോഗ്യ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തദ്ദേശസ്വയംഭരണം, വിദ്യാഭ്യാസം, കൃഷി എന്നീ വകുപ്പുകളുടെ മന്ത്രിമാരും ശ്രീ. അനിൽ അക്കര എം.എൽ.എ.യും പങ്കെടുത്തു.

തുടർന്നുള്ള ദിവസങ്ങളിൽ ആരോഗ്യം, വിദ്യാഭ്യാസം, പോലീസ്, തദ്ദേശസ്വയം ഭരണം തുടങ്ങി എല്ലാ വകുപ്പുകളുടേയും വിവിധ യോഗങ്ങൾ തൃശ്ശൂരിൽ വിളിച്ചുചേർത്തു.

ഇതുകൂടാതെ സ്വകാര്യ ആശുപത്രികളുടെ യോഗവും വിളിച്ചുകൂട്ടി. പ്രതിരോധ പ്രവർത്തനങ്ങളിൽ സ്വകാര്യ ആശുപത്രികളുടെ പങ്കാളിത്തം ഉറപ്പുവരുത്തി.

രണ്ടാമത്തെ കേസ് ആലപ്പുഴയിൽ സ്ഥിരീകരിച്ചതിനെ തുടർന്ന് പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കിയിട്ടുണ്ട്. ആലപ്പുഴയിലും പ്രത്യേക യോഗങ്ങൾ ചേർന്ന് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു.

നോവൽ കൊറോണ വൈറസിനെ തുരത്താൻ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ സഹായത്തോടെ വലിയ പ്രവർത്തനങ്ങളാണ് സംസ്ഥാന വ്യാപകമായി നടത്തുന്നത്. സ്വകാര്യ ആശുപത്രികൾക്കും ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യാജ പ്രചാരണങ്ങൾക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നു. നോവൽ കൊറോണ വൈറസ് മറ്റുള്ളവരിലേക്ക് വ്യാപിക്കാതിരിക്കാൻ എല്ലാവരും വളരെയേറെ മുൻകരുതലുകൾ എടുക്കണം. നിപയേയും പ്രളയത്തേയും ഓഖിയേയും നമ്മൾ അതിജീവിച്ചത് കൂട്ടായ പ്രവർത്തനത്തിലൂടെയാണ്. അതേ ആത്മവിശ്വാസത്തോടെയുള്ള പ്രവർത്തനങ്ങളാണ് നോവൽ കൊറോണ വൈറസ് പ്രതിരോധത്തിലും നടത്തുന്നത്.

രോഗബാധിതപ്രദേശങ്ങളിൽ നിന്നും സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 1999 പേർ എത്തിച്ചേർന്നിട്ടുണ്ട്. ഇവരിൽ 1924 പേർ വീടുകളിലും 75 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. സംശയാസ്പദമായവരുടെ 104 സാമ്പിളുകൾ എൻ.ഐ.വി.യിൽ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ഇതിൽ ഇതുവരെ വന്നതിൽ 36 സാമ്പിളുകളുടെ ഫലം നെഗറ്റീവും 2 എണ്ണം പോസിറ്റീവുമാണ്.

രോഗലക്ഷണങ്ങളോ എന്തെങ്കിലും സംശയങ്ങളോ ഉണ്ടെങ്കിൽ ബന്ധപ്പെടാനായി ദിശ 1056 (ടോൾ ഫ്രീ), 0471-255 2056 എന്ന നമ്പരുകളും അതത് ആശുപത്രികളിലെ നോഡൽ ഓഫീസർമാരുടെ ഫോൺ നമ്പരുകളും നൽകി.

ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നതും ഇനി നടത്തേണ്ടതുമായ എല്ലാ പ്രവർത്തനങ്ങൾക്കും സംസ്ഥാനത്തെ മുഴുവൻ ജനപ്രതിനിധികളുടേയും ജനവിഭാഗങ്ങളുടേയും പിന്തുണയും സഹകരണവും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>റിപ്പോർട്ട് സമർപ്പണം</u> :

മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ കാര്യോപദേശകസമിതിയുടെ പതിനേഴാമത് റിപ്പോർട്ട് സമർപ്പിച്ചു.

റിപ്പോർട്ട് കാര്യോപദേശകസമിതിയ്ക്ക് തിരികെ അയക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷനേതാവ് ചട്ടം 215 പ്രകാരമുള്ള ഉപക്ഷേപം അവതരിപ്പിച്ചുസംസാരിച്ചു. ശ്രീ. പി. ടി. തോമസ് ഉപക്ഷേപത്തെ പിന്താങ്ങി സംസാരിച്ചു.

താഴെ പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

1. ഡോ. എം. കെ. മുനീർ
2. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
3. ശ്രീ. എം. ഉമ്മർ
4. ശ്രീ. അനൂപ് ജേക്കബ്

ചർച്ചയിൽ ഉന്നയിച്ച കാര്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി പറഞ്ഞു.

ഉപക്ഷേപം സഭ വോട്ടിനിട്ട് തള്ളി.

റിപ്പോർട്ട് പരിഗണന :

കാര്യോപദേശകസമിതിയുടെ പതിനേഴാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം മുഖ്യമന്ത്രി അവതരിപ്പിച്ചു. പ്രമേയം സഭ വോട്ടിനിട്ട് പാസ്സാക്കി.

റിപ്പോർട്ട് സഭ അംഗീകരിച്ചു.

ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച :

2020 ജനുവരി 29-ന് ഗവർണർ സഭയിൽ ചെയ്ത പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തിക്കൊണ്ട് താഴെപ്പറയുന്ന പ്രമേയം ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ചു.

"2020 ജനുവരി 29-ാം തീയതി ഗവർണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണർക്ക് നന്ദി രേഖപ്പെടുത്തുന്നു. "

പ്രമേയം പിന്താങ്ങപ്പെട്ടു.

താഴെപ്പറയുന്ന അംഗങ്ങൾ പ്രമേയത്തിന്മേൽ ഭേദഗതികൾ അവതരിപ്പിച്ചു.

ശ്രീ. കെ. സി. ജോസഫ്

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. പി. ടി. തോമസ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീമതി ഷാനിമോൾ ഉസ്മാൻ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. അൻവർ സാദത്ത്

ശ്രീ. റോജി എം. ജോൺ

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. വി. എസ്. ശിവകുമാർ

ശ്രീ. വി. ടി. ബൽറാം

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. എം. വിൻസെന്റ്

ശ്രീ. വി. ഡി. സതീശൻ

ശ്രീ. അനിൽ അക്കര

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. കെ. എസ്. ശബരീനാഥൻ

ഡോ. എം. കെ. മുനീർ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. അബ്ദുൽ ഹമീദ്. പി

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

ശ്രീ. സി. മമ്മൂട്ടി

ശ്രീ. ടി. എ. അഹമ്മദ് കബീർ

ശ്രീ. പി. ഉബൈദുള്ള

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. പി. കെ. അബ്ദു റബ്ബ്

ശ്രീ. എം. ഉമ്മർ

ശ്രീ. കെ. എൻ. എ. ഖാദർ

ശ്രീ. എം. സി. കമറുദ്ദീൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. അനൂപ് ജേക്കബ്

തുടർന്ന് ശ്രീ. എസ്. ശർമ്മ സംസാരിച്ചുകൊണ്ട് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിൻ മേലുള്ള ചർച്ച ആരംഭിച്ചു. താഴെപ്പറയുന്ന അംഗങ്ങളും ചർച്ചയിൽ പങ്കെടുത്തു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. കെ. എൻ. എ.ഖാദർ

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. മോൻസ് ജോസഫ്

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. എം. മുകേഷ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. ബി. സത്യൻ

ശ്രീ. വി. അബ്ദുറഹിമാൻ

ശ്രീ. പി. സി. ജോർജ്

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. ജോർജ് എം. തോമസ്

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീ. എം. നൗഷാദ്

ശ്രീ. സണ്ണി ജോസഫ്

ശ്രീ. റ്റി. വി. രാജേഷ്

ചർച്ച പൂർത്തിയായില്ല.

2020 ഫെബ്രുവരി 4-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിയ്ക്കുന്നതിനായി വൈകിട്ട് 5.06-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**Eighteenth Session**

# BULLETIN— PART I

( Brief Record of Proceedings )

*Monday, February 03, 2020.*

**No. 204**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions* :

Four Questions in the list of Questions posted for the day were answered orally.

*Obituary Reference* :

The Speaker made reference on the demise of T. N.Chathurvedi, former Governor of Kerala, M.Kamalam, former Minister, S. Sundaramanikyam, P. T. Mohanakrishnan and V. Balaram, former Members. As a mark of respect to the deceased, the Members stood in silence for a while.

*Panel of Chairmen* :

The following Members were nominated to the Panel of Chairmen for the current session of the Assembly.

1. Shri P. K. Basheer
2. Shri G. S. Jayalal
3. Shri S. Rajendran

*Adjournment Motion* :

After hearing the Chief Minister the Speaker withheld consent to the moving of an adjournment motion given notice of by Shri M. Vincent and three other Members regarding the serious situation reported to have arisen consequent to the murder of Sangeeth, a native of Kattakkada, Thiruvananthapuram by mining mafia and the reported lapse from the part of Police in dealing this case.

KNPP. 154/2020 (ii).

(In protest against the attitude of the Government in this matter the Members belonging to the opposition staged a walkout.)

*Calling Attention :*

(1) Shri K. Suresh Kurup called the attention of the Minister for Finance and Coir to the necessity to exert pressure on the Central Government to rectify the policies that decelerate the developmental activities of the State and to provide eligible financial allocations. The Minister made a statement thereto.

(2) Shri P. T. Thomas called the attention of the Minister for Local Self Governments to the necessity to start the functioning of Brahmapuram Sewage Treatment Plant urgently. The Minister made a statement thereto.

*The Matters under Rule 304 :*

The matters raised by the Members under Rule 304 are listed below.

| ക്രമ നം. | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | സംസ്ഥാനത്തെ കൊറോണ വൈറസ് ബാധ | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി |
| 2 | ശ്രീ. എം. രാജഗോപാലൻ | പ്രണയം നിരസിക്കുന്ന പെൺകുട്ടികൾ കൊലചെയ്യപ്പെടുന്ന സംഭവങ്ങൾ | മുഖ്യമന്ത്രി |
| 3 | ശ്രീ. പി. സി. ജോർജ് | മാധ്യമപ്രവർത്തകരുടെ ആനുകൂല്യങ്ങൾ പരിഷ്കരിക്കുന്നത് | മുഖ്യമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | ശ്രീ. വി. കെ. പ്രശാന്ത് | അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് എന്ന സംഘടനയുടെ അംഗീകാരം | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീ. എ. എൻ. ഷംസീർ | ഒളവിലം - പാത്തിക്കൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. ജോൺ ഫെർണാണ്ടസ് | പശ്ചിമ കൊച്ചി മേഖലയിലെ ഓപ്പറേഷൻ പ്യുവർ വാട്ടർ പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 7 | ശ്രീ. എസ്. രാജേന്ദ്രൻ | ആധാരമെഴുത്തുകാരുടെ ജോലി സംരക്ഷണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 8 | ശ്രീ. കെ. എൻ. എ. ഖാദർ | വേങ്ങര ടൗണിലെ മേൽപ്പാലം നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 9 | ശ്രീ. മോൻസ് ജോസഫ് | ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ സേവന വേതന വ്യവസ്ഥകൾ | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Papers laid on the table :*

The following Ordinances were laid on the Table.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | |
|---|---|---|---|
| | വർഷം | നമ്പർ | പേര് |
| 1 | 2 | 3 | 4 |
| 1 | 2020 | 1 | 2020-ലെ ദി കേരള ക്രിസ്ത്യൻ സെമിത്തേരീസ്(റൈറ്റ് ടു ബറിയൽ ഓഫ് കോർപ്സ്) ഓർഡിനൻസ് |

| 1 | 2 | 3 | 4 |
|---|---|---|---|
| 2 | 2020 | 9 | 2020-ലെ ദി കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നോവേഷൻ ആൻഡ് ടെക്നോളജി ഓർഡിനൻസ് |
| 3 | 2019 | 43 | 2019-ലെ ദി കേരള മിനറൽസ് (വെസ്റ്റിംഗ് ഓഫ് റൈറ്റ്സ്) ഓർഡിനൻസ് |
| 4 | 2020 | 4 | 2020-ലെ ദി കേരള മിനറൽസ് (വെസ്റ്റിംഗ് ഓഫ് റൈറ്റ്സ്) ഓർഡിനൻസ് |
| 5 | 2019 | 42 | 2019-ലെ ദി കേരള സ്റ്റേറ്റ് ഗുഡ്സ് ആന്റ് സർവ്വീസസ് ടാക്സ് (അമെന്റ്മെന്റ്) ഓർഡിനൻസ് |
| 6 | 2020 | 3 | 2020-ലെ ദി കേരള സ്റ്റേറ്റ് ഗുഡ്സ് ആന്റ് സർവ്വീസസ് ടാക്സ് (അമെന്റ്മെന്റ്) ഓർഡിനൻസ് |
| 7 | 2020 | 7 | 2020-ലെ ദി കേരള അഗ്രിക്കൾച്ചറൽ വർക്കേഴ്സ് (അമെന്റ്മെന്റ്) ഓർഡിനൻസ് |
| 8 | 2020 | 8 | 2020-ലെ ദി കേരള ലേബർ വെൽഫയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ് |
| 9 | 2019 | 41 | 2019-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ഓർഡിനൻസ് |
| 10 | 2020 | 5 | 2020-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ഓർഡിനൻസ് |
| 11 | 2020 | 6 | 2020-ലെ ദി കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (അമെന്റ്മെന്റ്) ഓർഡിനൻസ് |
| 12 | 2019 | 40 | 2019-ലെ ദി കേരള എഡ്യൂക്കേഷൻ (അമെന്റ്മെന്റ്) ഓർഡിനൻസ് |
| 13 | 2020 | 2 | 2020-ലെ ദി കേരള എഡ്യൂക്കേഷൻ (അമെന്റ്മെന്റ്) ഓർഡിനൻസ് |

*Statement Under Rule 300* :

Smt. K. K. Shailaja Teacher, Minister for Health, Social Justice and Woman and Child Development made the following statement under Rule 300, regarding the circumstances in the wake of the confirmation of corona virus infection in the State.

ചൈനയിലെ വുഹാനിൽ നോവൽ കൊറോണ വൈറസ് പടർന്നുപിടിച്ചത് ലോകം ആശങ്കയോടെയാണ് കണ്ടത്. ചൈനയിൽ കാണപ്പെട്ട നോവൽ കൊറോണ വൈറസ് 20-ലധികം രാജ്യങ്ങളിലാണ് അതിവേഗം പടർന്ന് പിടിച്ചത്. ആയിരക്കണക്കിന് പേരെയാണ് നോവൽ കൊറോണ വൈറസ് ബാധിച്ചത്. നിരവധി ജീവനുകളും നഷ്ടപ്പെട്ടു. ഇതുസംബന്ധിച്ച് ലോകാരോഗ്യ സംഘടനയുടെ മുന്നറിയിപ്പ് ലഭിച്ചയുടൻ സംസ്ഥാന സർക്കാർ കരുതൽ നടപടികളും മുന്നൊരുക്കങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ എടുത്തു തുടങ്ങി. തുടർന്ന് യുദ്ധകാലാടിസ്ഥാനത്തിൽ മാർഗ്ഗനിർദ്ദേശങ്ങളും രോഗപ്രതിരോധത്തിനുള്ള രൂപരേഖകളും തയ്യാറാക്കി. കേന്ദ്ര സർക്കാരിന്റെ പകർച്ചവ്യാധി വിഭാഗവുമായി ബന്ധപ്പെട്ട് പ്രതിരോധപ്രവർത്തനങ്ങൾക്കാവശ്യമായ നടപടികൾ സ്വീകരിച്ചു. ചൈനയിൽ നിന്നുള്ള വാർത്ത വന്നുതുടങ്ങിയപ്പോൾ തന്നെ സംസ്ഥാനതല ദ്രുത കർമ്മസേന യോഗം ചേർന്ന് രോഗനിരീക്ഷണം, ലബോറട്ടറി നിരീക്ഷണം, ചികിത്സ മാർഗ്ഗരേഖ, പരിശീലനത്തിനുള്ള മാർഗ്ഗരേഖകൾ, അവബോധ പ്രവർത്തനത്തിനുള്ള മാർഗ്ഗരേഖകൾ എന്നിവ തയ്യാറാക്കി ജില്ലകൾക്ക് നൽകി.

ചൈനയിൽ പോയി തിരിച്ചുവന്നവർ അതത് മെഡിക്കൽ ഓഫീസർമാരുമായി ബന്ധപ്പെടാനും നിർദ്ദേശം നൽകി. എന്തെങ്കിലും രോഗലക്ഷണങ്ങൾ കണ്ടാൽ അവരെ നിരീക്ഷിക്കാനും നിർദ്ദേശം നൽകി. നിരവധി മലയാളികളാണ് ചൈനയിൽ പഠനത്തിനും ജോലിക്കും മറ്റുമായുള്ളത്. അതിനാൽ തന്നെ നോവൽ കൊറോണ വൈറസ് ബാധിച്ച ആരെങ്കിലും ചൈനയിൽ നിന്നുവന്നാൽ അത് ഇവിടെ വ്യാപിക്കാൻ ഉള്ള സാധ്യത കണക്കിലെടുത്തായിരുന്നു ഈ മുന്നൊരുക്കങ്ങൾ. തിരിച്ചുവരുന്ന ആളിന്റേയും അവരുടെ ബന്ധുക്കളുടേയും പൊതുജനങ്ങളുടേയും ജീവൻ രക്ഷിക്കാനുള്ള മുന്നൊരുക്കമാണ് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ എടുത്തത്. സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ള മാധ്യമങ്ങൾ വഴി വലിയ ബോധവത്കരണ പ്രവർത്തനങ്ങളാണ് നടത്തിയത്.

നിപ വൈറസിനെ അതിജീവിച്ച അനുഭവപാഠവുമായാണ് നോവൽ കൊറോണ വൈറസിനെ നേരിടാൻ ആരോഗ്യ വകുപ്പ് സജ്ജമായത്. ജനുവരി 18 മുതൽ വിവിധ തലങ്ങളിൽ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കിയിരുന്നു. നോവൽ കൊറോണ വൈറസ് ചൈനയിൽ പടരുന്ന പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ചു. കേരളത്തിലെ എയർപോർട്ടുകൾ കേന്ദ്രീകരിച്ച് നിരീക്ഷണം ശക്തമാക്കി. വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കാനാണ് ആലോചിച്ചത്. ചൈനയിൽ പോയി തിരിച്ചുവന്നവർ അതത് ജില്ലാ മെഡിക്കൽ ഓഫീസറുമായി ബന്ധപ്പെടണമെന്ന് നിർദ്ദേശം നൽകി. എന്തെങ്കിലും രോഗലക്ഷണങ്ങൾ കണ്ടാൽ അവരെ പ്രത്യേകമായി നിരീക്ഷിക്കാൻ തീരുമാനിച്ചു. രോഗബാധ പ്രതിരോധിക്കാനുള്ള കർശന നടപടികൾ സ്വീകരിക്കുന്നതിന് ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശവും നൽകി.

ഇന്ത്യയിലെ ആദ്യത്തെ നോവൽ കൊറോണ വൈറസ് ബാധയുണ്ടായത് കേരളത്തിലാണെന്ന് ജനുവരി 30-നാണ് കേന്ദ്ര ആരോഗ്യമന്ത്രാലയം സ്ഥിരീകരിച്ചത്. തൃശ്ശൂർ ജനറൽ ആശുപത്രിയിൽ ഐസൊലേഷൻ വാർഡിൽ ചികിത്സയിൽ കഴിഞ്ഞ ഒരു വിദ്യാർത്ഥിനിക്കാണ് കൊറോണ വൈറസ് രോഗം സ്ഥിരീകരിച്ചത്. ആരോഗ്യ വകുപ്പ് നേരത്തെ തന്നെ മുന്നൊരുക്കങ്ങൾ നടത്തിയിരുന്നതിനാൽ ആദ്യ കേസോടെ തന്നെ രോഗം തിരിച്ചറിയാൻ പറ്റി. ഇതിലൂടെ രോഗം പടരുന്നത് തടയുന്നതിനും ആരംഭത്തിൽ തന്നെ ചികിത്സ തുടങ്ങാനും സാധിച്ചു. വിദ്യാർത്ഥിനിയുടെ ആരോഗ്യ നില തൃപ്തികരമാണ്.

കേരളത്തിലെ രണ്ടാമത്തെ നോവൽ കൊറോണ വൈറസ് ബാധിച്ചതായുള്ള സ്ഥിരീകരണം ഫെബ്രുവരി രണ്ടിനാണ് പൂന വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും വന്നത്. നോവൽ കൊറോണ വൈറസ് ബാധിച്ചതായി സംശയിക്കുന്ന വിദ്യാർത്ഥി ചൈനയിൽ നിന്നും വന്നശേഷം ജനുവരി 24 മുതൽ ആലപ്പുഴയിൽ ഐസൊലേഷൻ ചികിത്സയിലാണ്. വിദ്യാർത്ഥിയുടെ ആരോഗ്യനില തൃപ്തികരമാണ്.

നോവൽ കൊറോണ വൈറസ് പ്രതിരോധം ശക്തിപ്പെടുത്തുന്നതിനായി ആരോഗ്യ വകുപ്പ് മാർഗ്ഗനിർദ്ദേശങ്ങളും ലോകാരോഗ്യ സംഘടന അംഗീകരിച്ച ചികിത്സാ മാനദണ്ഡങ്ങളും പുറത്തിറക്കി. രോഗം സ്ഥിരീകരിക്കുന്നതിന് മുമ്പേതന്നെ സംസ്ഥാന തലത്തിൽ സ്റ്റേറ്റ് കൺട്രോൾ റൂമും ജില്ലാ കൺട്രോൾ റൂമും സജ്ജമാക്കിയിട്ടുണ്ട്. ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ദിവസവും യോഗം കൂടിയാണ് ഓരോ ദിവസത്തേയും പ്രവർത്തനം ഏകോപിപ്പിക്കുന്നത്. പ്രധാന യോഗങ്ങളിൽ ആരോഗ്യ വകുപ്പ് മന്ത്രിയും പങ്കെടുക്കുന്നുണ്ട്. നിരീക്ഷണത്തിലുള്ളവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഓരോ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ കീഴിലാക്കി വിഭജിച്ചാണ് നിരീക്ഷണം ക്രമീകരിച്ചിട്ടുള്ളത്.

ടി.വി., റേഡിയോ, പത്രങ്ങൾ, സോഷ്യൽ മീഡിയ, സിനിമാ തീയേറ്റർ, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലൂടെ പരസ്യം, ലഘു വീഡിയോകൾ എന്നിവ വഴി ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

മെഡിക്കൽ കോളേജുകളിലും ജില്ലയിലെ പ്രധാന ജനറൽ അല്ലെങ്കിൽ ജില്ലാ ആശുപത്രികളിലും കൊറോണ വൈറസ് ഒ.പി.യും ഐസൊലേഷൻ വാർഡുകളും തയ്യാറാക്കി. എല്ലാ ആശുപത്രികളിലും അണുനശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. മാസ്ക്, കൈയുറ, സുരക്ഷാകവചങ്ങൾ തുടങ്ങിയ വ്യക്തിഗത സുരക്ഷാ ഉപകരണങ്ങൾ, മരുന്നുകൾ എന്നിവ ലഭ്യമാക്കാൻ കെ.എം.എസ്.സി.എൽ.-നെ ചുമതലപ്പെടുത്തി. രോഗലക്ഷണങ്ങൾ ഉള്ളവരുടെ രക്ത സാമ്പിളുകൾ പൂനയിലെ ദേശീയ വൈറോളജി ലാബിലേക്ക് അയച്ചു.

എയർപോർട്ടുകൾ, സീ പോർട്ടുകൾ എന്നിവ കേന്ദ്രീകരിച്ച് നിരീക്ഷണം ശക്തമാക്കിയാണ് പ്രാഥമികമായി കൊറോണ വൈറസ് ഉള്ളവരെ കണ്ടെത്തുന്നത്. എയർപോർട്ട്/സീ പോർട്ട് ഹെൽത്ത് ഓഫീസർമാരാണ് ഇവരെ സ്ക്രീൻ ചെയ്യുന്നത്. എന്തെങ്കിലും രോഗ ലക്ഷണങ്ങൾ കണ്ടാൽ അവരെ ഐസൊലേഷൻ വാർഡുകൾ സജ്ജമാക്കിയ ആശുപത്രിയിലേക്ക് അയയ്ക്കുന്നു. രോഗലക്ഷണങ്ങൾ ഇല്ലാത്തവരെ ബോധവത്കരണം നൽകി വീട്ടുകളിൽ തന്നെ നിരീക്ഷിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുന്നു. ഇവരെ 28 ദിവസം വരെ നിരീക്ഷിക്കണം. രോഗലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ ഐസൊലേഷൻ സൗകര്യമേർപ്പെടുത്തിയിട്ടുള്ള ആശുപത്രിയിൽ എത്തേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

ജനുവരി 27-ന് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളവും അനുബന്ധ ആശുപത്രികളും കേന്ദ്ര സംഘം സന്ദർശിച്ച് സംതൃപ്തി അറിയിക്കുകയുണ്ടായി. തിരുവനന്തപുരം വിമാനത്താവളത്തിൽ സർവയലൻസ് സംവിധാനം ആരംഭിക്കുകയും 4 മെഡിക്കൽ ഓഫീസർമാരേയും 6 പാരാമെഡിക്കൽ ജീവനക്കാരേയും ഇതിനായി നിയോഗിക്കുകയുണ്ടായി.

നോവൽ കൊറോണ വൈറസ് സ്ഥിരീകരിച്ചപ്പോൾ തന്നെ ബഹു. മുഖ്യമന്ത്രിയുടെ നിർദ്ദേശങ്ങളനുസരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്തു. പ്രസ് മീറ്റ് വിളിച്ച് ചേർത്ത് തൃശ്ശൂർ ജില്ലയിലെ ഒരു വിദ്യാർത്ഥിക്ക് നോവൽ കൊറോണ വൈറസ് സ്ഥിരീകരിച്ചതായി അറിയിച്ചു. തിരുവനന്തപുരത്ത് അടിയന്തര റാപ്പിഡ് റെസ്പോൺസ് ടീം (ആർ.ആർ.ടി.) യോഗം ആരോഗ്യ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിളിച്ചുചേർത്തു. ഈ യോഗത്തിൽ കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാറും പങ്കെടുത്തു. നോവൽ കൊറോണ വൈറസിനെ എങ്ങനെ ഫലപ്രദമായി പ്രതിരോധിക്കാം എന്നതിനെ പറ്റിയാണ് യോഗം പ്രധാനമായും ചർച്ച ചെയ്തത്. കൊറോണ രോഗം ബാധിച്ച വിദ്യാർത്ഥിയുടെ അവസ്ഥ ഗുരുതരമല്ലെങ്കിലും ആ വിദ്യാർത്ഥി യാത്രയിലും മറ്റും ബന്ധപ്പെട്ടിട്ടുള്ളവരുടെ കോണ്ടാക്ട് ലിസ്റ്റ് തയ്യാറാക്കാൻ തീരുമാനിച്ചു. കുട്ടിയുമായി സമ്പർക്കത്തിൽ ഏർപ്പെട്ടിട്ടുള്ളവർക്ക് ഇപ്പോൾ രോഗ ലക്ഷണങ്ങളില്ലെങ്കിലും അവരെ കണ്ടെത്തി നിരീക്ഷണത്തിൽ വയ്ക്കാനും തീരുമാനിച്ചു.

നോവൽ കൊറോണ സ്ഥിരീകരിച്ച അന്നു രാത്രി തന്നെ (ജനുവരി 30 അർദ്ധരാത്രി) തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഉന്നതതലയോഗം വിളിച്ചുചേർത്തു. ആരോഗ്യവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തദ്ദേശസ്വയംഭരണം, വിദ്യാഭ്യാസം, കൃഷി എന്നീ വകുപ്പുകളുടെ മന്ത്രിമാരും ശ്രീ. അനിൽ അക്കര എം.എൽ.എ.യും പങ്കെടുത്തു.

തുടർന്നുള്ള ദിവസങ്ങളിൽ ആരോഗ്യം, വിദ്യാഭ്യാസം, പോലീസ്, തദ്ദേശസ്വയംഭരണം തുടങ്ങി എല്ലാ വകുപ്പുകളുടേയും വിവിധ യോഗങ്ങൾ തൃശ്ശൂരിൽ വിളിച്ചുചേർത്തു.

ഇതുകൂടാതെ സ്വകാര്യ ആശുപത്രികളുടെ യോഗവും വിളിച്ചുകൂട്ടി. പ്രതിരോധ പ്രവർത്തനങ്ങളിൽ സ്വകാര്യ ആശുപത്രികളുടെ പങ്കാളിത്തം ഉറപ്പുവരുത്തി.

രണ്ടാമത്തെ കേസ് ആലപ്പുഴയിൽ സ്ഥിരീകരിച്ചതിനെ തുടർന്ന് പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കിയിട്ടുണ്ട്. ആലപ്പുഴയിലും പ്രത്യേക യോഗങ്ങൾ ചേർന്ന് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു.

നോവൽ കൊറോണ വൈറസിനെ തുരത്താൻ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ സഹായത്തോടെ വലിയ പ്രവർത്തനങ്ങളാണ് സംസ്ഥാന വ്യാപകമായി നടത്തുന്നത്. സ്വകാര്യ ആശുപത്രികൾക്കും ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യാജ പ്രചാരണങ്ങൾക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നു. നോവൽ കൊറോണ വൈറസ് മറ്റുള്ളവരിലേക്ക് വ്യാപിക്കാതിരിക്കാൻ എല്ലാവരും വളരെയേറെ മുൻകരുതലുകൾ എടുക്കണം. നിപയേയും പ്രളയത്തേയും ഓഖിയേയും നമ്മൾ അതിജീവിച്ചത് കൂട്ടായ പ്രവർത്തനത്തിലൂടെയാണ്. അതേ ആത്മവിശ്വാസത്തോടെയുള്ള പ്രവർത്തനങ്ങളാണ് നോവൽ കൊറോണ വൈറസ് പ്രതിരോധത്തിലും നടത്തുന്നത്.

രോഗബാധിതപ്രദേശങ്ങളിൽ നിന്നും സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 1999 പേർ എത്തിച്ചേർന്നിട്ടുണ്ട്. ഇവരിൽ 1924 പേർ വീടുകളിലും 75 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. സംശയാസ്പദമായവരുടെ 104 സാമ്പിളുകൾ എൻ.ഐ.വി.യിൽ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ഇതിൽ ഇതുവരെ വന്നതിൽ 36 സാമ്പിളുകളുടെ ഫലം നെഗറ്റീവും 2 എണ്ണം പോസിറ്റീവുമാണ്.

രോഗലക്ഷണങ്ങളോ എന്തെങ്കിലും സംശയങ്ങളോ ഉണ്ടെങ്കിൽ ബന്ധപ്പെടാനായി ദിശ 1056 (ടോൾ ഫ്രീ), 0471-255 2056 എന്ന നമ്പരുകളും അതത് ആശുപത്രികളിലെ നോഡൽ ഓഫീസർമാരുടെ ഫോൺ നമ്പരുകളും നൽകി.

ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നതും ഇനി നടത്തേണ്ടതുമായ എല്ലാ പ്രവർത്തനങ്ങൾക്കും സംസ്ഥാനത്തെ മുഴുവൻ ജനപ്രതിനിധികളുടേയും ജനവിഭാഗങ്ങളുടേയും പിന്തുണയും സഹകരണവും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

*Presentation of Report* :

Shri Pinarayi Vijayan, Chief Minister presented the Seventeenth Report of the Business Advisory Committee.

Shri Ramesh Chennithala, Leader of Opposition moved a motion under rule 215 that the Report of the Business Advisory Committee may be referred back to the Committee and spoke. Shri.P.T.Thomas seconded the motion and spoken.

The following Members took part in the discussion.

1. Dr. M. K. Muneer
2. Shri Thiruvanchoor Radhakrishnan
3. Shri M.Ummer
4. Shri Anoop Jacob

Shri Pinarayi Vijayan, Chief Minister replied to the points raised in the discussion.

The motion was put to vote and declared lost.

*Consideration of Report :*

Chief Minister moved a motion that the Report may be adopted. The motion was put to vote and adopted by the House.

*Discussion on the motion of thanks to the Governor's Address :*

Discussion on the Motion of thanks to the Governor's address on 29th January 2020 commenced with Shri. S. Sarma moving the following motion.

"2020 ജനുവരി 29-ാം തീയതി ഗവർണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണർക്ക് നന്ദി രേഖപ്പെടുത്തുന്നു."

The motion was seconded.

The following Members moved amendments to the motion.

Shri K. C. Joseph

Shri T. J. Vinod

Shri P. T. Thomas

Shri Thiruvanchoor Radhakrishnan

Smt. Shanimol Osman

Shri Eldose P. Kunnapillil

Shri Anwar Sadath

Shri Roji M. John

Shri V. P. Sajeendran

Shri Sunny Joseph

Shri A. P. Anil Kumar

Shri V. S. Sivakumar

Shri V. T. Balram

Shri Shafi Parambil

Shri M. Vincent

Shri V. D. Satheesan

Shri Anil Akkara

Shri I. C. Balakrishnan

Shri K. S. Sabarinadhan

Dr. M. K. Muneer

Shri T. V. Ibrahim

Shri Parakkal Abdulla

Shri Manjalamkuzhi Ali

Shri Abdul Hameed. P.

Shri N.A.Nellikkunnu

Shri V. K. Ebrahim Kunju

Shri C. Mammutty

Shri T. A. Ahammed Kabeer

Shri P. Ubaidulla

Prof. Abid Hussain Thangal

Shri P. K. Abdu Rabb

Shri M. Ummer

Shri K. N. A. Khader

Shri M. C. Kamaruddin

Shri N. Samsudheen

Shri Mons Joseph

Shri Anoop Jacob

Discussion on the Motion of Thanks commenced with Shri S. Sarma. The following members took part in the discussion.

Shri K. V. Abdul Khader

Shri Thiruvanchoor Radhakrishnan

Shri Mullakkara Retnakaran

Shri K. N. A. Khader

Smt. P. Aisha Potty

Shri Mons Joseph

Shri Purushan Kadalundy

Shri Eldose P. Kunnapillil

Shri M. Mukesh

Shri N. A. Nellikkunnu

Shri B. Satyan

Shri V. Abdurahiman

Shri P. C. George

Shri Mathew T. Thomas

Shri George M. Thomas

Shri Parakkal Abdulla

Shri M. Noushad

Shri Sunny Joseph

Shri T. V. Rajesh

The discussion was inconclusive.

The House adjourned at 5.06 p.m. to meet again at 9.00 a.m.on Tuesday, February 4, 2020.

S. V. UNNIKRISHNAN NAIR,
*Secretary.*